



കേരളത്തിലെ
പരിസ്ഥിതി സംരക്ഷണ
പ്രവർത്തനങ്ങളിൽ
നിർണ്ണായക സ്ഥാനം വഹിച്ച
ഒരു പോസ്റ്ററിന്റെ കഥ




• ഓർമ്മ

# പ്രകൃതിയുടെ കണ്ണുനീർ

പി.ആർ. ശ്രീകുമാർ

ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ്, പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലി പ്രദേശം ശബ്ദമുഖരിതമായിരുന്ന കാലം. കേരളത്തിന്റെ സമൃദ്ധമായ മഴക്കാടുകളിൽ മഴു വീഴുമെന്ന് ഭയന്ന് പ്രകൃതി സ്നേഹികൾ സൈലന്റ്‌വാലിക്കാടുകൾ സംരക്ഷിക്കാൻ ഒത്തുചേർന്ന് നടത്തുന്ന പ്രക്ഷോഭം ഒരു വശത്ത്. സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിലുള്ള അധികൃതരുടെയും സർക്കാരിന്റെയും പിടിവാശിയോടെയുള്ള നീക്കം മറുവശത്ത്. പ്രക്ഷോഭം ജനകീയമാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രവർത്തകരോടൊപ്പം സാംസ്കാരിക നായകന്മാർ കൂടി രംഗത്തുവന്നപ്പോൾ കഥകളും കവിതകളും കാർട്ടൂണുകളുമൊക്കെയായി അരങ്ങ് നിറഞ്ഞു. കഥകളും ലേഖനങ്ങളുമൊക്കെ വികസന വിരുരേഖകളായി വിവക്ഷിക്കപ്പെട്ടു. കവിതകൾ മരക്കവിതകളായി. കവികൾ മരക്കവികളുമായി. കാർട്ടൂണിസ്റ്റുൾ പലരുടെയും കണ്ണിലെ കരടുമായിത്തീർന്നു. പ്രകൃതി സംരക്ഷണവും വികസനവും എന്ന വിഷയം കേരള ജനത വളരെ ഗൗരവ പൂർണ്ണം ചർച്ച ചെയ്ത് തുടങ്ങിയകാലം.

ഈ ഘട്ടത്തിലാണ് വെട്ടിമാറ്റപ്പെട്ട ഒരു മരക്കുറ്റയിൽ മുട്ടയ്ക്കുമേൽ അടയിരിക്കാൻ ശ്രമിക്കുന്ന ഒരു പക്ഷിയുടെ കണ്ണുനീർ കേരളത്തിലെ യുവജനങ്ങളുടെ ഹൃദയത്തിലേക്ക് അരിച്ചിറങ്ങിയത്. എന്ന തലക്കെട്ടിൽ പരിസ്ഥിതി സംരക്ഷിക്കുക എന്ന് ആഹ്വാനം ചെയ്യുന്ന അതിമനോഹരമായ ഒരു പോസ്റ്ററാണ് ഇതിന് വഴി തെളിച്ചത്. ഇംഗ്ലീഷിലും ഈ പോസ്റ്റർ പ്രസിദ്ധീകരിച്ചിരുന്നു.

ഇരുണ്ടതാണ് പോസ്റ്ററിന്റെ പശ്ചാത്തലം. കറുപ്പ് നിറം. ഒരു ചതുരത്തിൽ കാടിന്റെ ചിത്രം. പക്ഷെ അതിന് പച്ചപ്പ് തീരെയില്ല. വെട്ടിമാറ്റപ്പെട്ട കുറെ മരങ്ങളുടെ കുറ്റികൾ മാത്രം. ഇടയ്ക്ക് ഒരു ചെറിയ അരുവി ഒഴുകുന്നുണ്ട്. അതിന് ആകാശനീലിമയാണ്. താഴെ വീണുകിടക്കുന്ന പഴുത്തതും ഉണങ്ങിയതുമായ ഇലകൾക്ക് തീജ്വാലയുടെ ചുവപ്പുവർണ്ണം. മുട്ടയിക്ക് അടയിരിക്കാനാകാതെ കണ്ണുനീർ പൊഴിക്കുന്ന ഒരു പക്ഷിയുടെ ദയനീയ ചിത്രം. പക്ഷിയിരിക്കുന്ന മരക്കുറ്റിക്ക് രണ്ടുകണ്ണുകളുണ്ട്. അടയിരിക്കാനാകാതെ കേഴുന്ന പക്ഷിയെ ഇനിയും സഹായിക്കാനാകില്ലല്ലോ എന്ന് വേദനയോടെ നോക്കുന്ന രണ്ട് കണ്ണുകൾ.


കാർട്ടൂണിസ്റ്റ് പി.വി. കൃഷ്ണൻ

പ്രശസ്ത കാർട്ടൂണിസ്റ്റും ചിത്രകാരനുമായ പി.വി കൃഷ്ണനായിരുന്നു ഈ പോസ്റ്ററിന്റെ രചയിതാവ്. 1984ൽ കേരള സർക്കാരും ഇന്റർമീഡിയ പബ്ലിസിറ്റി കോ-ഓർഡിനേറ്റിംഗ് കമ്മിറ്റിയും ചേർന്ന് നടത്തിയ ഒരു തീവ്ര പരിസ്ഥിതി ബോധവത്കരണ പരിപാടിയുടെ ഭാഗമായാണ് അദ്ദേഹം ഈ പോസ്റ്ററിന് രൂപം കൊടുത്തത്. പബ്ലിക്ക് റിലേഷൻ വകുപ്പാണ് പോസ്റ്റർ പ്രസിദ്ധീകരിച്ച

ത്. കേരളത്തിലെ യുവാക്കളെ പ്രകൃതിയോടടുപ്പിച്ചതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ അണിനിരത്തിയതിനും ഈ പോസ്റ്റർ ഒരു വലിയ പങ്കാണ് വഹിച്ചത്.

നിശബ്ദ താഴ്‌വരയിൽ കുന്തിപ്പുഴയ്ക്ക് കുറുകെ ഒരു ജലവൈദ്യുത പദ്ധതിയ്ക്ക് വൈദ്യുതി ബോർഡ് 1958ലാണ് ശ്രമമാരംഭിച്ചത്. നീണ്ട 25 വർഷങ്ങൾക്കൊടുവിൽ 1984 നവംബർ മാസം സൈലന്റ്‌വാലി ദേശീയ ഉദ്യാനത്തിന്റെ രൂപീകരണം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കപ്പെടുന്നതിന്റെ ഏകദേശം 6 മാസങ്ങൾക്കുമുമ്പാണ് പി.വി കൃഷ്ണന്റെ പോസ്റ്റർ കേരളമാകെ പ്രചരിക്കപ്പെട്ടത്. സൈലന്റ് വാലി പ്രക്ഷോഭകർക്കെതിരെ കുറേപ്പേർക്കെങ്കിലുമുണ്ടായിരുന്ന അമർഷത്തിന്റെയും അതൃപ്തിയുടെയും തീവ്രതകുറയ്ക്കാനുമൊക്കെ പോസ്റ്ററിന് കഴിഞ്ഞുവെന്നതും വിസ്മരിക്കാനാകില്ല.

സംസ്ഥാന സർക്കാർ സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ 25-ാം വാർഷികം ആഘോഷിക്കാനൊരുങ്ങുകയാണ്. പ്രകൃതിയുടെ കണ്ണുനീർ എന്ന പി.വി കൃഷ്ണന്റെ പോസ്റ്ററിനും ഇത് രജത ജൂബിലി വർഷമാണ്.


ലോകരാഷ്ട്രങ്ങളൊക്കെ വൻകിട അണക്കെട്ടുകളിൽ നിന്നും പിന്നോട്ട് പോകാൻ തുടങ്ങിയിട്ടും കാൽനൂറ്റാണ്ട് കാലമായി. പലയിടത്തും അണക്കെട്ടുകൾ സർക്കാരുകൾ തന്നെ തകർത്തുകളഞ്ഞു സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അടുത്ത് 25 വർഷം തികയുമ്പോൾ ഉപേക്ഷിക്കപ്പെടാൻ പുതിയ മൂന്ന് ജലവൈദ്യുതി പദ്ധതികൾക്ക് കൂടി വൈദ്യുതി ബോർഡ് യോഗം ഇപ്പോൾ അനുമതി നൽകിയിരിക്കുകയാണ്. പൂയംകുട്ടി, പമ്പാർ, വാക്കല്ലാർ ജലവൈദ്യുത പദ്ധതികൾ. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്കായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ 25ാം വാർഷികത്തിന് ഇനികുറച്ച് ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ.

പരിസ്ഥിതി സംരക്ഷിക്കുക എന്ന് ആഹ്വാനം ചെയ്ത് വീണ്ടും പി.വി കൃഷ്ണന്റെ പോസ്റ്റർ പ്രകൃതിയുടെ കണ്ണുനീർ കേരളത്തിൽ അലയടിക്കേണ്ട സമയമായിരിക്കുന്നു. കാരണം മലയാളികളെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു പോസ്റ്ററും ഈ കാലയളവിൽ ഉണ്ടായിട്ടില്ല എന്നതു തന്നെ.

*കുറിഞ്ഞി, ശാസ്ത്രി നഗർ, കരമന, തിരുവനന്തപുരം-2*

## വരവർഷം

വി.കെ. ശ്രീരാമൻ




**പുതിയ ഡോക്യുമെന്ററി സിനിമകൾ**

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം)
37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ-ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ)
25 മിനിറ്റ്
സംവിധാനം :
അഡ്വ. ആർ.കെ. ആശ
നിർമ്മാണം :
ഗാർഗി വിമൺ മീഡിയ കളക്റ്റീവ്

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385